ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 31-05-2024**

## പ്രധാനവാർത്തകൾ

1). ലോക് സഭാ തിരഞ്ഞെടുപ്പിൻറെ അവസാന ഘട്ട വോട്ടെടുപ്പ് നാളെ. ഒഡീഷയിൽ 42 ഉം ഹിമാചൽ പ്രദേശിലെ ആറും നിയമസഭാ സീറ്റിലേക്കും നാളെ വോട്ടെടുപ്പ്.

2). സംസ്ഥാന സർവ്വീസിൽ കൂട്ട വിരമിക്കൽ. ഇന്ന് പടിയിറങ്ങുന്നത് 16,000–ത്തിലേറെ ജീവനക്കാർ.

3). കാലവർഷം എത്തിയതോടെ പകർച്ചാവ്യാധികൾക്കെതിരെ അതീവജാഗ്രത പുലർത്തണമെന്ന് നിർദ്ദേശം.

4). ഇന്നും നാളെയും 12 ജില്ലകളിൽ മഞ്ഞ ജാഗ്രത. മീൻ പിടിത്തക്കാർ കടലിൽ പോകരുത്.

5) പക്ഷിപ്പനി സ്ഥിരീകരിച്ച കോട്ടയം ജില്ലയിലെ പായിപ്പാട്ട് പ്രതിരോധ നടപടികൾ തുടങ്ങി.

6). കണ്ണൂരിൽ നിന്നുള്ള ആദ്യ ഹജ്ജ് യാത്രാവിമാനം നാളെ പുറപ്പെടും.

RNU TVPM

****************************************

**<u>പ്രചാരണം</u>**

രാജ്യത്ത് ഏഴാമത്തെയും അവസാനത്തെയും ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പ് നാളെ. 57 മണ്ഡലങ്ങളിലാണ് ഏഴാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്. ഉത്തർപ്രദേശ്, പഞ്ചാബ് എന്നിവിടങ്ങളിൽ 13 വീതവും പശ്ചിമ ബംഗാളിൽ 9 ഉം ബീഹാറിൽ 8 ഉം ഒഡീഷയിൽ ആറും ജാർഖണ്ഡിൽ മൂന്നും, ഹിമാചൽ പ്രദേശിൽ നാലും, ചണ്ഡിഗഢിലെ ഒരു ലോക്സഭാ മണ്ഡലത്തിലുമാണ് നാളെ വോട്ടെടുപ്പ് നടക്കുന്നത്.

ഒഡിഷ നിയമസഭയിലേക്കുള്ള 42 സീറ്റിലേക്കും ഹിമാചലിലെ ആറ് നിയമസഭാ സീറ്റിലേക്കും നാളെ വോട്ടെടുപ്പ് നടക്കും.

****************************************

**<u>പ്രധാനമന്ത്രി - കന്യാകുമാരി</u>**

പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി കന്യാകുമാരിയിലെ വിവേകാനന്ദ പാറയിൽ ഏകാന്തധ്യാനം തുടരുന്നു. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെയാണ് അദ്ദേഹം കന്യാകുമാരിയിലെത്തിയത്. നാളെ വൈകുന്നേരം ഹെലികോപ്ടറിൽ തിരുവനന്തപുരത്തെത്തുന്ന പ്രധാനമന്ത്രി, അവിടെനിന്നും ഡൽഹിയ്ക്ക് മടങ്ങും.

****************************************

**<u>കൂട്ടവിരമിക്കൽ</u>**

സംസ്ഥാന സർവ്വീസിൽ ഇന്ന് കൂട്ട വിരമിക്കൽ. 16,000-ത്തിലേറെ സർക്കാർ ജീവനക്കാർ ഇന്ന് പടിയിറങ്ങും. ഇതിൽ പകുതിയിലധികം അദ്ധ്യാപകരാണ്. പോലീസിൽ നിന്നും

RNUTVPM

800-ഓളം പേർ ഇന്ന് വിരമിക്കുന്നുണ്ട്. ഒരു മാസം ഇത്രയധികം പേർ ഒരുമിച്ച് വിരമിക്കുന്നത് അപൂർവമാണ്.

****************************************

## മഴ - ആരോഗ്യമന്ത്രി ജാഗ്രതാ നിർദ്ദേശം

കാലവർഷം എത്തിയ സാഹചര്യത്തിൽ പകർച്ചവ്യാധികൾക്കെതിരെ അതീവ ജാഗ്രത പുലർത്തണമെന്ന് മന്ത്രി വീണാ ജോർജ്. എലിപ്പനി, ഡെങ്കിപ്പനി, വയറിളക്ക രോഗങ്ങൾ, എച്ച്-1 എൻ - 1 തുടങ്ങിയ പകർച്ചവ്യാധികളാണ് പൊതുവേ കൂടുതലായി കാണുന്നത്. വെള്ളക്കെട്ടുണ്ടാകുന്നതിനാൽ എലിപ്പനിയ്ക്കെതിരെ വളരെയേറെ ശ്രദ്ധിക്കണം. ജില്ലാ തലത്തിൽ ഒരു ആശുപത്രിയിലെങ്കിലും 8 മണി വരെ പ്രത്യേക പനി ഒപി ഉണ്ടായിരിക്കണമെന്ന് മന്ത്രി നിർദേശിച്ചു. എല്ലാ മെഡിക്കൽ കോളേജിലും പനി ക്ലിനിക്ക് ആരംഭിക്കും. കുടിവെള്ളത്തിൽ മഴ വെള്ളം കലരുന്നതിനാൽ കിണറുകൾ ഉൾപ്പെടെയുള്ള കുടിവെള്ള സ്രോതസുകൾ സൂപ്പർ ക്ലോറിനേറ്റ് ചെയ്യണം. വയറിളക്ക രോഗങ്ങൾക്കെതിരേയും ശ്രദ്ധയുണ്ടാവണം. ഭക്ഷണം മൂടിവയ്ക്കണം. തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുക.ഡെങ്കിപ്പനി വ്യാപിക്കാതിരിക്കാൻ ആരോഗ്യ വകുപ്പ് നേരത്തെ തന്നെ ജാഗ്രതാ നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

****************************************

## നിപ - ആരോഗ്യമന്ത്രി - (ഇൻട്രോ)

സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ നിപയ്ക്കെതിരെ അതീവ ജാഗ്രത പുലർത്തണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഒരുമിച്ച് കരുതലോടെ നിപയെ പ്രതിരോധിക്കണമെന്നും വീഡിയോ സന്ദേശത്തിൽ മന്ത്രി പറഞ്ഞു.

(വോയ്സ്)

RNU TVPM

******************************************

**മഴ - സംസ്ഥാനം**

സംസ്ഥാനത്ത് കാലവർഷം എത്തിയതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള , ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗതയിൽ വീശയടിച്ചേക്കാവുന്ന കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മീൻപിടിത്തത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

******************************************

**മഴ - തിരുവനന്തപുരം**

തിരുവന്തപുരം ജില്ലയിൽ ആഴ്ചകളായി തുടരുന്ന ശക്തമായ മഴയ്ക്ക് ശമനം. മലയോരമേഖലകളിലും നഗരപ്രദേശങ്ങളിലും മഴ കുറഞ്ഞിട്ടുണ്ട്. ജില്ലയിലെ പ്രധാന നദികളായ വാമനപുരം, നെയ്യാർ എന്നിവിടങ്ങളിൽ ജലനിരപ്പ് താഴ്ന്നിട്ടുണ്ട്. ചുഴലിക്കാറ്റ് മുന്നറിയിപ്പിനെത്തുടർന്ന് മുട്ടത്തറയിൽ ദുരിതാശ്വാസകേന്ദ്രം തുറന്നു. 15 കുടുംബങ്ങളിലെ 40 പേരെ ഇവിടേക്ക് മാറ്റി. ജില്ലയിൽ 12 ദുരിതാശ്വാസ ക്യാമ്പിലായി 134 പേരാണുള്ളത്.

******************************************

**മഴ - കൊല്ലം**

കൊല്ലം ജില്ലയിൽ മഴക്കെടുതി വ്യാപകം. കഴിഞ്ഞദിവസങ്ങളിൽ ഒഴുക്കിൽപ്പെട്ട് കാണാതായ രണ്ട് പേർക്കായി തെരച്ചിൽ തുടരുന്നു. കൊല്ലം ജില്ലയിൽ 15 ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

******************************************

RNU TVPM

## കെ.ബി ഗണേഷ് കുമാർ

സുരക്ഷിത യാത്ര ഉറപ്പാക്കുന്നതിനായി കെഎസ്ആർടിസി ഡ്രൈവർമാർക്ക് സാമൂഹ്യമാധ്യമത്തിലൂടെ നിർദേശം നൽകി മന്ത്രി കെ. ബി ഗണേഷ് കുമാർ. സ്വകാര്യ ബസുകളുമായി മത്സരയോട്ടം വേണ്ടെന്നും മന്ത്രി നിർദേശിച്ചു.
ബ്രീത്ത് അനലൈസർ പരിശോധന തുടങ്ങിയതോടെ കെഎസ്ആർടിസിയിലെ അപകടങ്ങൾ കുറഞ്ഞെന്നും മന്ത്രി വീഡിയോയിൽ പറഞ്ഞു.

****************************************

## ഹജ്ജ് - കണ്ണൂർ

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിലെ ഹജ്ജ് യാത്രാ കേന്ദ്രം വഴി യാത്ര ചെയ്യുന്നതിനായി ഹാജിമാർ കണ്ണൂർ വിമാന താവളത്തിൽ എത്തി തുടങ്ങി. ആദ്യമെത്തിയ കണ്ണൂർ സിറ്റി സ്വദേശി മുസ്തഫയുടെ ആരോഗ്യ രേഖയും ലഗ്ഗേജും സ്വീകരിച്ചു കൊണ്ട് വിമാന താവള എം. ഡി , സി ദിനേശ് കുമാർ തീർത്ഥാടകരെ ഔദ്യാഗികമായി സ്വീകരിച്ചു. കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിലെ ഹജ്ജ് ക്യാമ്പ് ഇന്ന് വൈകുന്നേരം ഉദ്ഘാടനം ചെയ്യും. ആദ്യ ഹജ്ജ് യാത്രാ വിമാനം നാളെ രാവിലെ ജിദ്ദയിലേക്ക് പുറപ്പെടും.

****************************************

## കോട്ടയം - (ഇൻട്രോ)

പക്ഷിപ്പനി സ്ഥിരീകരിച്ച കോട്ടയം ജില്ലയിലെ പായിപ്പാട്ട് പ്രതിരോധ നടപടികൾ തുടങ്ങി. പായിപ്പാട് എട്ട്യാകരി പാടശേഖരത്തിൽ താറാവുകൾക്ക് ഇന്നലെയാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്.

PNUTVPM

കൂടുതൽ വിവരങ്ങളുമായി ആകാശവാണി
കോട്ടയം ജില്ലാ പ്രതിനിധി ടോം മാത്യു....

(വോയിസ്............)

***************************************

**ഭക്ഷ്യവിഷബാധ - കോഴിക്കോട്**

കോഴിക്കോട് ചാത്തമംഗലത്ത് ഒരു കുടുംബത്തിലെ നാല് പേർക്ക് ഭക്ഷ്യ വിഷബാധ. ഇവരെ മണാശ്ശേരിയിലെ സ്വകാര്യ മെഡിക്കൽ കോളെജിൽ പ്രവേശിച്ചു. ഒരു കുട്ടി തീവ്രപരിചരണ വിഭാഗത്തിലാണ്.

***************************************

**എ.ഐ പാഠപുസ്തകം**

എ ഐ പഠനം പുതിയ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തി കേരളം. സംസ്ഥാനത്തെ ഏഴാം ക്ലാസിലെ 4 ലക്ഷത്തിലധികം കുട്ടികൾ പുതിയ അദ്ധ്യയന വർഷത്തിൽ ഐ.സി.ടി. പാഠപുസ്തകത്തിലൂടെ നിർമിത ബുദ്ധിയെപറ്റി പഠിക്കും.

RNU TVPM

***************************************

**പ്ലസ് വൺ അവസരം**

പ്ലസ് വൺ മെറിറ്റ് സീറ്റിലേക്ക് അപേക്ഷിച്ചവർക്കും ട്രയൽ അലോട്ട്മെന്റ് ലഭിച്ചവർക്കും അപേക്ഷയിൽ തിരുത്തലുകൾ വരുത്താൻ അവസരം ഇന്ന് വൈകിട്ട് 5-ന് അവസാനിക്കും. ജാതി സംവരണ വിവരം, ബോണസ് പോയിന്റ്, പഞ്ചായത്ത്, താലൂക്ക്, ടൈ ബ്രേക്കിന് പരിഗണിക്കുന്ന പാഠ്യേതര പ്രവർത്തനങ്ങളിലെ മികവ് എന്നിവയാണ് തിരുത്താവുന്നത്.

***************************************

**കെ മാറ്റ്**

2024 അധ്യയന വർഷത്തെ എം.ബി.എ പ്രവേശനത്തിനുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയായ കേരള മാനേജ്മെന്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് - കെ.മാറ്റിനായി ജൂൺ ആറ് വൈകിട്ട് നാലു വരെ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാം. വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷ കമ്മീണറുടെ വെബ്സൈറ്റ് സന്ദർശിക്കാം.

****************************************

**കീം പരീക്ഷ**

കേരള എൻജിനീറിങ്, ഫാർമസി പ്രവേശന പരീക്ഷകളുടെ സമയ ക്രമത്തിൽ മാറ്റം. എൻജിനീറിങ് പ്രവേശന പരീക്ഷ, അടുത്ത മാസം, അഞ്ചു മുതൽ ഒൻപതു വരെ ഉച്ചയ്ക്ക് ശേഷം 2 മുതൽ 5 വരെ നടത്തും. ഇതിനായി വിദ്യാർഥികൾ 11.30 മുതൽ 1 .30 വരെയുള്ള സമയത്തു പരീക്ഷ കേന്ദ്രങ്ങളിൽ റിപ്പോർട്ട് ചെയ്യണം. ജൂൺ 10 നു ഉച്ചയ്ക്ക് ശേഷം 3 .30 മുതൽ 5 വരെ നടക്കുന്ന ഫാർമസി പ്രവേശന പരീക്ഷയ്ക്കായി വിദ്യാർഥികൾ ഉച്ചയ്ക്ക് 1 മുതൽ 3 വരെ റിപ്പോർട് ചെയ്യണം

****************************************

**തിരുവനന്തപുരം - മുങ്ങിമരണം**

തിരുവനന്തപുരം വെള്ളായണിയിൽ രണ്ടു കുട്ടികൾ കുളത്തിൽ മുങ്ങിമരിച്ചു. നേമം വിക്ടറി ഹയർ സെക്കൻഡറി സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥികളായ മുഹമ്മദ് ഇഹ്സാനും മുഹമ്മദ് ബിലാലുമാണ് മരിച്ചത്. ഇന്നലെ വൈകിട്ട് കുളിക്കാൻ കുളത്തിൽ ഇറങ്ങിയപ്പോഴായിരുന്നു അപകടം.

****************************************

RNU TVPM

## പുകയില വിരുദ്ധ ദിനം

ഇന്ന് ലോക പുകയില വിരുദ്ധ ദിനം. പുകയിലയുടെ ഉപയോഗത്തിലൂടെയുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനാണ്

എല്ലാ വർഷവും മെയ് 31 ലോക പുകയില വിരുദ്ധ ദിനമായി ആചരിക്കുന്നത്. പുകയില വ്യവസായങ്ങളുടെ ഇടപെടലിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുക എന്നതാണ് ഈ വർഷത്തെ പുകയില വിരുദ്ധ ദിന പ്രമേയം.

****************************************

## കടപ്പത്രം പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 2000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം ജൂൺ 4-ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും.

****************************************

RNU TVPM

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തിൽ വ്യാപാരം ആരംഭിച്ചു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 122 പോയിന്റ് ഉയർന്ന് 74,008 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 25 പോയിന്റ് നേട്ടത്തിൽ 22,514- ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണവിലയിൽ മാറ്റമില്ല. പവന് 53,360 രൂപയാണ് ഇന്നത്തെ വില.

****************************************

**അദാലത്ത് - കൊല്ലം**

കൊല്ലം ജില്ലാ നിയമസേവന അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ താലൂക്കുകളിലെ കോടതി ആസ്ഥാനങ്ങളിൽ വച്ച് ജൂൺ 8-ന് നാഷണൽ ലോക് അദാലത്ത് സംഘടിപ്പിക്കുന്നു. താലൂക് കേന്ദ്രങ്ങളിലെ അദാലത്ത് അതാത് താലൂക് ലീഗൽ സർവീസസ് കമ്മിറ്റി ചെയർമാൻ നേതൃത്വം നൽകും.

**************************************

**വോട്ടർപട്ടിക പ്രസിദ്ധീകരിക്കും**

സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ വാർഡുകളിലെയും വോട്ടർപട്ടിക പുതുക്കുന്നതിനുള്ള കരട് പട്ടിക ജൂൺ ആറിന് പ്രസിദ്ധീകരിക്കും. ജൂൺ ആറ് മുതൽ 21 വരെ പുതുതായി പേരു ചേർക്കുന്നതിനും മാറ്റങ്ങൾ വരുത്താനും അവസരമുണ്ടാകും. അന്തിമ വോട്ടർപട്ടിക ജൂലൈ ഒന്നിന് പ്രസിദ്ധീകരിക്കും. സംസ്ഥാനത്ത് ഒഴിവുള്ള 49 തദ്ദേശ വാർഡുകളിലേക്ക് ഉപതിരഞ്ഞെടുപ്പും ഉടൻ നടത്തും. ഒരു ജില്ലാ പഞ്ചായത്ത് വാർഡ്, അഞ്ച് ബ്ലോക്ക് പഞ്ചായത്ത് വാർഡ്, 6 മുനിസിപ്പാലിറ്റി വാർഡ്, 37 ഗ്രാമപഞ്ചായത്ത് വാർഡ് എന്നിവിടങ്ങളിലാണ് ഉടനെ ഉപതിരഞ്ഞെടുപ്പ് നടക്കാനുള്ളത്.

RNU TVPM

**************************************

**************************************

*****************